പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 287 | 12/01/2021 ൽ മറുപടി നല്കേണ്ടത്. |

**റാന്നി താലൂക്കാശുപത്രിയുടെ വികസനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | റാന്നി താലൂക്ക് ആശുപത്രിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതുഘട്ടം വരെയായെന്നും എത്ര സെന്റ് സ്ഥലം ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | എ) | റാന്നി താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി ടി ആശുപത്രിയോട് ചേർന്ന് കിടക്കുന്ന റാന്നി താലൂക്കിൽ റാന്നി വില്ലേജിൽ സർവ്വെ നമ്പർ 65/5 പ്രകാരം 30 സെന്റ്, സർവ്വെ നമ്പർ 64/3 പ്രകാരം 21.5 സെന്റ് എന്നീ സ്ഥലങ്ങൾ വാങ്ങാൻ റാന്നി എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ഏറ്റെടുക്കാമെന്ന് റാന്നി ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനമെടുക്കുകയും ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സ്ഥലം ഏറ്റെടുക്കൽ നടപടിയ്ക്കായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ, എന്തൊക്കെ നടപടികളാണ് ഇവർ ഇതിനായി സ്വീകരിച്ചത്, ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) യും സി) യും | പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ നിന്നും റാന്നി തഹസീൽദാർക്ക് ടി സ്ഥലത്തിന്റെ വാല്യുവേഷൻ നടത്തുന്നതിലേക്കായി കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടറേറ്റിൽ നിന്നാണ് സ്വീകരിക്കേണ്ടത്. |
| സി) | സ്ഥലം എന്നത്തേയ്ക്ക് ഏറ്റെടുക്കാൻ കഴിയും എന്ന് വിശദമാക്കാമോ; | | |
| ഡി) | കിഫ്ബിയിൽ ഉൾപ്പെടുത്തി റാന്നി താലൂക്കാശുപത്രിക്ക് എത്ര രൂപയാണ് അനുവദിക്കാൻ ധാരണയായിട്ടുള്ളത്; പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | റാന്നി താലൂക്കാശുപത്രിയിൽ കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 12,77,36,810/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹൈറ്റ്സ് എന്ന സ്ഥാപനത്തെയാണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ